പഞ്ചായത്തിൽ തട്ടേക്കാടു കടത്തു കടവു് ഉള്ളതു്. അന്തപ് പഞ്ചായത്തിൽ ഏകദേശം 20,000-ത്തിനു മേൽപ്പട്ട ജനങ്ങൾ ഉള്ളവരാണു്. അവർക്കു റേഷൻ അരിയും വാങ്ങുവാൻ വേണ്ടിയും കുട്ടികൾക്കു സ്കൂളിലേക്കു പോകുവാൻ വേണ്ടിയും കോതമംഗലത്തിനു വരേണ്ടിവരുന്നു. അവിടെയുള്ള കടത്തു വള്ളം കഴിഞ്ഞ 3, 4 മാസങ്ങളായി വെള്ളത്തിൽ മുങ്ങിക്കിടക്കുകയാണു്. അതിനെക്കുറിച്ചു് ഞാൻ മന്ത്രിക്കു പെറ്റീഷൻ കൊടുത്തിരുന്നു. ഡിപ്പാർട്ടുമെന്റിലുള്ളവരെപ്പോയി കണ്ടു. അതുമാത്രമല്ലാതെ അവിടുത്തെ ജനങ്ങൾ P. W. D. ആഫീസിനു മുമ്പിൽ സത്യാഗ്രഹം നടത്തിവരികയാണു്. ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ടു് മന്ത്രി ദയവുചെയ്തു് അവിടുത്തെ ജനങ്ങൾക്കു കടത്തു കടക്കുവാനുള്ള പാലം പണിയുവാനും പുതിയ സങ്കേതം ഏർപ്പെടുത്തുവാനും ഒരു തീരുമാനമുണ്ടാക്കണമെന്നു് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ, കുട്ടംപുഴ പഞ്ചായത്തിൽ തട്ടേക്കാടു് കടവിലുള്ള പാലം ജീർണ്ണിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പാലമിടാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ടു്. അതിനിടയിൽ പുതിയ പാലം നിർമ്മിക്കാൻ കാലതാമസം വരികയാണെങ്കിൽ എവിടെയെങ്കിലും പ്രവർത്തിക്കാതെ കിടക്കുന്ന പാലങ്ങളും ഇങ്ങോട്ടു് മാറ്റാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ടു്.

(2) വിളക്കുടി പഞ്ചായത്തിലെ മൃഗാശുപത്രി

ശ്രീ. എ. ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറു വിസ്തൃതമായ പഞ്ചായത്തുകളും ഉൾക്കൊള്ളുന്നതാണു് പത്തനാപുരം വികസന ബ്ലോക്കു്. ഈ ആറു പഞ്ചായത്തുകളിലും കൂടി ഒരു മൃഗാശുപത്രി മാത്രമാണുള്ളതു്. ഈയിടെ ഗവൺമെന്റു് വിളക്കുടി ആസ്ഥാനമാക്കി ഒരു മൃഗാശുപത്രി തത്വത്തിൽ അംഗീകരിച്ചിരിക്കുകയാണു്. പക്ഷേ അവിടെ ഇതുവരെ ഡോക്ടമാരെയോ ആവശ്യമുള്ള സ്റ്റാഫിനെയോ നിയമിക്കാത്തതുകൊണ്ടു് പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല. വാടകയില്ലാതെ ജനങ്ങളും കെട്ടിടങ്ങളും എടുത്തിരിക്കുകയാണു്. അതുകൊണ്ടു് എത്രയും എളുപ്പം മൃഗഡോക്ടറെയും സ്റ്റാഫിനെയും നിയമിച്ചു് പ്രവർത്തനം ആരംഭിക്കണമെന്നു് അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, വിളക്കുടി പഞ്ചായത്തിൽ കുന്നിക്കോടു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വെറ്ററിനറി ഡിസ്പെൻസറിക്കു് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു് താത്വരനടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. കഴിയുന്നതും വേഗം ഈ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണു്.

(3) ആറ്റിങ്ങലിൽ പുതിയ ഫയർ സ്റ്റേഷൻ

ശ്രീ. പി. വിജയദാസ്: സർ, ആറ്റിങ്ങൽ കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള അനുവാദം ഗവൺമെന്റു് നൽകിയിട്ടു് ഏകദേശം ഒരു വർഷമായി. ഇതുവരെ അതു് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം മുതൽ കൊല്ലം വരെയുള്ള നാഷണൽ ഹൈവേയിൽ ഏകദേശം മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ആറ്റിങ്ങൽ പട്ടണത്തിൽ ഫയർ സ്റ്റേഷന്റെ ആവശ്യകത ഞാൻ പറയാതെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഗവൺമെന്റിനു് അറിയാം. ഇതിന്റെ ഉൽഘാടനത്തിനു വേണ്ടിയുള്ള ചില നടപടികളും ഒരു 2 മാസംമുൻപു് തുടങ്ങിവച്ചതാണു്. പക്ഷേ എന്തു കാരണങ്ങൾകൊണ്ടോ ഇപ്പോൾ അതു തുടങ്ങാതെ ഇരിക്കുകയാണു്. അടിയന്തിരമായും അതു ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 1983 ഒക്ടോബറിൽത്തന്നെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുത്തിട്ടുണ്ടു്. പക്ഷേ അവിടെ സ്ഥലം കിട്ടാൻ നിവൃത്തിയില്ല. അവസാനം ഒരു സ്ഥലം കണ്ടെത്തി. അവിടെയാണെങ്കിൽ വെള്ളവും വെളിച്ചവുമില്ല. ഫയർ സ്റ്റേഷനിൽ വെള്ളമില്ലാതെ വന്നാലുള്ള ബുദ്ധിമുട്ടു് അറിയാമല്ലോ. ഏതായാലും ആ പ്രദേശത്തുള്ളവരോടു് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റിയിൽ ചില നടപടികളും സ്വീകരിച്ചു് ഏതാനും സംഖ്യ കളക്ടു ചെയ്തിട്ടുണ്ടു്. വെള്ളം കിട്ടാനും റിസർവ്വു് ചെയ്യാനുമുള്ള സൗകര്യം കിട്ടിക്കഴിഞ്ഞാൽ ഒട്ടും താമസിക്കാതെ അതിന്റെ ഉദ്ഘാടനം നടത്താവുന്നതാണു്.

(4) കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിൽപ്പെട്ട മലകളിലെ കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരി താലൂക്കിലെ കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട കോളയാടു് പഞ്ചായത്തിലെ പെരുവ, ചെമ്പുക്കാവു്, ചേക്കരി, കുളപ്പ, ആക്കുംമൂലം തുടങ്ങി 10 മലകളിലായി വർഷങ്ങളായി താമസിച്ചു് കൃഷിചെയ്തുവരുന്ന 550-ഓളം കുറിച്യ കുടുംബങ്ങളുടെ കൃഷിഭൂമിയിൽ ഫോറസ്റ്റ് അധികൃതർ കടന്നുകയറി കുറ്റിയിട്ടു് ഭൂമിയൊന്നും കുറിച്യർക്കു് നൽകുകയില്ലഎന്നു് ഭീഷണി മുഴക്കിയിരിക്കുകയാണു്. ഇതിനെ തുടർന്നു് കോളയാടു് പഞ്ചായത്തിലെ കുറിച്യ കോളനികളിൽ ഭീതിജനകമായ ഒരന്തരീക്ഷമാണു് ഇന്നു് നിലനിൽക്കുന്നതു്. അവിടെ വർഷങ്ങളായി താമസിച്ചു് കൃഷിചെയ്തുവരുന്ന ഈ കുറിച്യർക്കു് അടിയന്തിരമായി പട്ടയം നൽകിയില്ലെങ്കിൽ വിഷമകരമായ ഒരു സ്ഥിതിവിശേഷം ഇവിടെ ഉണ്ടാകും. ഫോറസ്റ്റ് അധികൃതർമാർ കൈയേറ്റം തുടരും എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടു് ഈ കൈയേറ്റം അവസാനിപ്പിക്കുകയും അവരുടെ ഭൂമിക്കു് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നു് വനം വകുപ്പുമന്ത്രിയോടു് ഞാൻ ആവശ്യപ്പെടുകയാണു്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽപ്പെട്ട പ്രദേശത്തു് പഴയ കാലത്തെല്ലാം കുറിച്യരുടെ കൈയിൽ കുറെ സ്ഥലമുണ്ടായിരുന്നു. പക്ഷെ ഓരോ വർഷവും ഈ കുറിച്യരെ ഉപയോഗിച്ചു് പുതിയ പുതിയ വനഭൂമി കയ്യേറ്റം നടത്തുന്ന ഒരു പ്രവണത ഈ പ്രദേശത്തുണ്ടു്. ഞങ്ങൾ ഈയിടെ ഒരു മീറ്റിംഗ് ചേർന്നു. കുറിച്യരുടെ കൈയിലുള്ള സ്ഥലങ്ങളെല്ലാം പ്രത്യേകമായി അളന്നു് തിട്ടപ്പെടുത്തി അവർക്കു് അതിർത്തി നിർണ്ണയിച്ചു് കൊടുക്കണമെന്നു് ഒരു തീരുമാനം എടുത്തു. 2 ഏക്കർ വരെയാണു് അവർക്കു് കൊടുക്കാൻ പറഞ്ഞതു്. അവിടെ സാധാരണ ചെയ്യുന്നതു് അവർ ഈ കൊല്ലം കൈയേറിയ സ്ഥലത്തു നിന്നു് മാറി അടുത്ത കൊല്ലം മറ്റൊരു സ്ഥലത്തേക്കു് പോകും. ഇതു മറ്റുള്ള നാട്ടുകാർ പോയി കൃഷി ചെയ്തിട്ടു് അവർക്കു് രൂപ കൊടുക്കും; അവരെക്കൊണ്ടു് കൃഷി ചെയ്യിപ്പിക്കും. അവരുടെ അദ്ധ്വാനം ചൂഷണം ചെയ്യുന്നു; അതേയവസരത്തിൽ നമ്മുടെ വനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ അവിടെ പറഞ്ഞിട്ടുള്ളതു് പഴയ ആളുകളുടെ കൈവശമുള്ളതു് മുഴുവൻ അളന്നു തിട്ടപ്പെടുത്തി സർവ്വേ ചെയ്യണം എന്നാണു്. അതു വരുമ്പോഴാണു് ഇതിനെതിരായി

LIBRARY ARCHIVES Kerala Legislative Assembly